# File No.LSGD-EPB2/132/2018-LSGD

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ല - വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഡി. ടൈറ്റസിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2297/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/10/2019

---

പരാമർശം:- 1 തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2017-ലെ സി1-13513/2017 നമ്പർ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 17.04.2018-ലെ ഡി3-31075/2017 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 26.07.2018-ലെ ഡി3-31075/2017 നമ്പർ കത്ത്

4 സർക്കാരിന്റെ 12.02.2019-ലെ 132/ഇപിബി2/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. ഡി. ടൈറ്റസ് സമർപ്പിച്ച 29.05.2019-ലെ പ്രതിവാദ പത്രിക

6 സ.ഉ.(സാധാ) നം.1747/2019/തസ്വഭവ തീയതി 13.08.2019

### ഉത്തരവ്

കളക്ടറുടെ എൻ.ഒ.സി. ഇല്ലാതെ അനധികൃതമായി നിലം നികത്തി പള്ളി പണിയുന്നുവെന്ന പരാതിയിന്മേൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ പള്ളി പണിയുന്നതായ സ്ഥലം റീസർവ്വേ 236/4-1-ൽ 5.60 ആർ വസ്തു നിലമാണെന്ന വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് ഉണ്ടെന്നും കൂടാതെ ബി.റ്റി.ആർ.ന്റെ പകർപ്പ് സഹിതമുള്ള വില്ലേജ് ഓഫീസറുടെ കത്തിലും ടി വസ്തു നിലമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും നേരിട്ടുള്ള പരിശോധനയിലും ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകിയ CPer.No.89/UKC/(17) നമ്പർ ഫയലിൽ World of Christ Assembly Trust എന്നും ആയത് തിരുത്തി ചാരിറ്റബിൾ ട്രസ്റ്റ് എന്നുമാണ് എഴുതിയിരിക്കുന്നതെന്നും, പ്ലാനിൽ ഓഫീസ്, കോൺഫറൻസ് ഹാൾ, വരാന്ത എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും കെട്ടിട നിർമ്മാണ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ ഭൂമിയുടെ തരം നിശ്ചയിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം പരിശോധന നടത്തി അന്വേഷിച്ചതിൽ ടി സ്ഥലത്ത് പള്ളി പണിയുകയാണെന്ന് ബോധ്യപ്പെട്ടതായും ആരാധനാലയങ്ങൾ പണിയുന്നതിന് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണെന്നും എന്നാൽ ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കിയിട്ടില്ലെന്നും പെർമിറ്റ് നൽകിയ സെക്രട്ടറിയായ ശ്രീ. ഡി. ടൈറ്റസിന്റെ ഭാഗത്തുനിന്നും ഗുരുതരമായ

കൃത്യവിലോപം ഉണ്ടായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. ഡി. ടൈറ്റസ് 31.05.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതായും അറിയിച്ചിട്ടുണ്ട്.

തുടർന്ന് പള്ളി പണിയുന്ന സ്ഥലം നിലമാണെന്ന് വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് അവഗണിച്ചും ആരാധനാലയങ്ങൾ പണിയുന്നതിന് ജില്ലാ കളക്ടറുടെ അനുമതിയും ആവശ്യമാണെന്നിരിക്കെ ആയത് പരിശോധിക്കാതെ പെർമിറ്റ് നൽകിയ വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഡി. ടൈറ്റസിനെതിരെ സേവനത്തിലിരിക്കെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ ടിയാൻ 31.05.2017-ന് സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 (ബി) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. ഡി. ടൈറ്റസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം ( 4 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഡി. ടൈറ്റസ് പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുയും കെ.എസ്.ആർ ഭാഗം 3 ചട്ടം 3 (ബി) പ്രകാരം ശ്രീ. ഡി. ടൈറ്റസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. ഡി. ടൈറ്റസിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുള്ളതിനാൽ വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഡി. ടൈറ്റസിനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

   (പരാമർശം (1) മുതൽ (5) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ഹിൽക്ക് രാജ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.), തിരുവനന്തപുരം
3. ശ്രീ. ഡി. ടൈറ്റസ്, മുൻ സെക്രട്ടറി, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

File No.LSGD-EPB2/132/2018-LSGD

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

6. പ്രസിഡന്റ്/സെക്രട്ടറി, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/132/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ